Interview with Theethose thirumeni

An Interview with Archbishop HE Yeldo Mor Titus

By Babu, Thumpayil

കഴിഞ്ഞ 10 വർഷത്തെ തന്റെ ഇടയശുശ്രൂഷയിൽ അമേരിക്കൻ അതിഭദ്രാസന മെത്രാപ്പോലിത്തയും പാത്രിയർക്കൻ വികാരിയുമായ അഭിവന്ദ്യ യൽദോ മാർ തീത്തോസ് തിരുമേനി ഇത്രയും വികാരാധീനനായി കണ്ടിട്ടില്ല. 1997-ൽ വൈദീക വിദ്യാർത്ഥിയായി ദമാസ്കസ് സെമിനാരിയിൽ ചെന്നതു മുതലാണ് തിരുമേനി പരിശുദ്ധ ബാവയുമായി കണ്ടുമുട്ടുന്നത്. തന്റെ വിദ്യാർത്ഥി ജീവിതത്തിലും, പിന്നീടുള്ള ദയറാ ജീവിതത്തിലും പരിശുദ്ധ പിതാവുമായുള്ള ആത്മബന്ധം തുറന്നു പറഞ്ഞു ഈ ലേഖകനോട് പലപ്പോഴും വിങ്ങിപ്പൊട്ടലോടെ.

ന്യൂജെഴ്സി വിപ്പനിയിൽ തന്റെ ആസ്ഥാനത്ത് വെച്ച് നടന്ന അനുസ്മരണ പ്രാർത്ഥനയ്ക്കും, ന്യൂയോർക്ക് സെന്റ് ജോർജ് പള്ളിയിൽ വെച്ച് നടന്ന കുർബാനയും അനുസ്മരണ സമ്മേളനത്തിനും ശേഷം അഭിവന്ദ്യ തിരുമേനി തന്റെ വേദന പങ്കുവെച്ചു.

തിരുമേനി എന്നാണ് പരിശുദ്ധ പിതാവിനെ കാണുന്നത് ?

ഞാൻ ആദ്യം പരിശുദ്ധ പിതാവിനെ കാണുന്നത് 1997-ൽ ആണ്. വൈദിക വിദ്യാർത്ഥിയായി ദമാസ്കസിൽ എത്തിയ സമയത്ത് ഞങ്ങൾ വൈദീക വിദ്യാർത്ഥികളെ പരിശുദ്ധ ബാവയ്ക്ക് വളരെ സ്നേഹവാത്സല്യമായിരുന്നു.

ആ കാലഘട്ടത്തിൽ ഓർമ്മിച്ചെടുക്കാൻ എന്തെങ്കിലും ?

തീർച്ചയായും. ഒരു വർഷം എന്റെ ജന്മദിനം ഓർത്തിരുന്ന് അദ്ദേഹം വലിയൊരു കേക്ക് വാങ്ങി കൊടുത്തയച്ചു. അങ്ങനെ ആ ജന്മദിനം വലിയ ഒരു ആഘോഷമാക്കി മാറ്റി. ഓരോ ചെറിയ കാര്യങ്ങളിലും അദ്ദേഹം വളരെ ശ്രദ്ധ ചെലുത്തിയിരുന്നു.

പരിശുദ്ധ പിതാവിന്റെ ജീവിതരീതി ?

ആഗോള സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ, പണ്ഡിതൻ, വാഗ്മി. പക്ഷേ പിതാവിന്റെ ജീവിതരീതി വളരെ ലളിതവും വിനയവും നിറഞ്ഞതായിരുന്നു. വിശ്വാസത്തിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യാത്ത പിതാവ് സദാ പ്രാർത്ഥനയിൽ മുഴുകിയിരുന്നു. എല്ലാ നോയമ്പും മുടങ്ങാതെ നിറവേറ്റിയിരുന്നു.

പരിശുദ്ധ ബാവയിൽ നിന്നും അങ്ങേക്ക് കിട്ടിയിരിക്കുന്ന വൈദിക പട്ടങ്ങൾ ?

5 വൈദിക പട്ടങ്ങൾ പരിശുദ്ധ പിതാവിൽ നിന്നും നേരിട്ട് എനിക്ക് കിട്ടുവാൻ ഭാഗ്യമുണ്ടായിട്ടുണ്ട്. അതിന് ദൈവത്തോട് നന്ദി പറയുന്നു. അതൊരു വലിയ അനുഗ്രഹമായി കരുതുന്നു. പരിശുദ്ധ പിതാവാണ് എന്നെ അമേരിക്കൻ അതിഭദ്രാസന മെത്രാപ്പോലീത്തയായി വാഴിച്ച് അയച്ചത്. ആ ഭാരിച്ച ഉത്തരവാദിത്വം എന്നിൽ ഏല്പ്പിച്ചത് അദേഹത്തിന്റെ ഉറച്ച വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്.

പരിശുദ്ധ പിതാവിന് ഈ ഭദ്രാസനവുമായുള്ള അടുപ്പം ?

മലങ്കരയുടെ മക്കളാണ് ഈ ഭദ്രാസനത്തിന്റെ വിശ്വാസികൾ. അതിന്റേതായ ഒരു പ്രത്യേക അടുപ്പവും വാത്സല്യവും എന്നും പരിശുദ്ധ പിതാവിൽ നിന്ന് ഈ ഭദ്രാസനത്തിന് കിട്ടിയിട്ടുണ്ട്. ആഗോള സുറിയാനി സഭയുടെ ഭദ്രാസനങ്ങളെപ്പോലെ പരിശുദ്ധ ബാവയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ഈ ഭദ്രാസനം. അതിന്റെ പദവികളും കരുതലും ഈ ഭദ്രാസനത്തിന് എന്നും ഉണ്ടായിട്ടുണ്ട്.

ആധുനിക കാലഘട്ടത്തിൽ സഭ നേരിടുന്ന ആഗോളപ്രശ്നമാണ് യുവാക്കളും വിശ്വാസവും. അതിനെ എങ്ങനെ ബാവ കണ്ടിരുന്നു?

എല്ലാ വിശ്വാസസമൂഹവും നേരിടുന്ന ഒരു പ്രതിസന്ധിയാണ് യുവാക്കളെ എങ്ങനെ അവരുടെ വിശ്വാസത്തിൽ നിലനിർത്താം എന്നുള്ളത്. അമേരിക്ക പോലുള്ള യൂറോപ്യൻ രാജ്യങ്ങളിൽ അത് തികച്ചും ബുദ്ധിമുട്ടാണ്. പക്ഷെ, ആധുനിക വിദ്യാഭ്യാസം നേടിയ പരിശുദ്ധ പിതാവ് ആ ദൗത്യം ഏറ്റെടുത്തു. ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് സഭയെ കൈപിടിച്ച് നടത്തിയ മഹത്വ്യക്തിയായിരുന്നു പരിശുദ്ധ ബാവ. അനേകം സെമിനാരികൾ സ്ഥാപിച്ച് അതിന് ഊർജ്ജം കൂട്ടി. അതിന്റെ ഉത്തമ ഉദാഹരണമാണ് അമേരിക്കയിൽ ഇപ്പോൾ സ്ഥാപിതമായ സെമിനാരി. 16 ശെമ്മാശന്മാർ, ഇവിടെ ജനിച്ചു വളർന്ന് വിദ്യാഭ്യാസം നേടിയവർ സഭാപ്രവർത്തനങ്ങളിൽ ആകൃഷ്ടരായി പ്രേഷിത വേലയ്ക്കായി മുമ്പോട്ട് വന്നിട്ടുണ്ട്. അവരെ ആകർഷിക്കാൻ സാധിച്ചതിൽ പരിശുദ്ധ ബാവയുടെ പങ്ക് വളരെ വലുതാണ്.

സഭയിലെ സമാധാനത്തെക്കുറിച്ച് ?

ആ വലിയ ഇടയൻ ഒരു വലിയ സമാധാനകാംക്ഷിയായിരുന്നു. തന്റെ ജന്മദേശമായ ഇറാക്കിലും തന്റെ ആസ്ഥാനമായ ദമാസ്ക്കസിലും ഉണ്ടായ രാഷ്ട്രീയ അരക്ഷിതാവസ്ഥ, കലുഷിതമായ സഭാന്തരീക്ഷങ്ങൾ ഇവയെല്ലാം അദ്ദേഹത്തിന്റെ ദുഃഖമായിരുന്നു. മലങ്കരയിലെ സമാധാനത്തിനു വേണ്ടി സ്ഥാനത്യാഗം ചെയ്യാൻ പോലും പരിശുദ്ധ ബാവ സന്നദ്ധനായിരുന്നു. 1500-ലധികം വർഷം പഴക്കമുള്ള തർക്കം കത്തോലിക്കാ സഭയുമായി പറഞ്ഞു തീർക്കുവാനും പരിശുദ്ധ ജോൺ പോൾ പോപ്പുമായി സന്ധി ഉടമ്പടി വെയ്ക്കാനും ബാവയ്ക്ക് കഴിഞ്ഞു.

അങ്ങയുടെ ദുഃഖം ?

എപ്പോഴും അദ്ദേഹത്തിന്റെ അടുക്കൽ ചെന്നിരുന്നത് ഭദ്രാസനത്തിലെ ഭരണപരമായ കാര്യങ്ങളും, അതിലെ സങ്കീർണത കണ്ടിട്ടുമായിരുന്നു. എന്നാൽ, അടുത്ത മെയ് മാസത്തിൽ ഒരാഴ്ച പരിശുദ്ധ ബാവയുടെ അടുത്ത് താമസിക്കുവാൻ ഞാൻ അനുവാദം വാങ്ങിയിരുന്നു. പക്ഷേ, ദൈവം അനുവദിച്ചില്ല. ഒരു വിങ്ങിപ്പൊട്ടലോടെ അദ്ദേഹം തുടർന്നു.

അടുത്ത പിൻഗാമിയെക്കുറിച്ച് ?

അതൊന്നും ഇപ്പോൾ ചിന്തയിലില്ല എങ്കിലും, അല്ലപ്പോയിലെ ആർച്ച് ബിഷപ്പ് യൂഹാനോൻ മാർ ഗ്രിഗോറിയോസാണ് സീനിയർ മോസ്റ്റ്. പക്ഷേ അദ്ദേഹത്തെ തീവ്രവാദികൾ തട്ടിക്കൊണ്ടുപോയിരിക്കുകയാണ്. അദ്ദേഹത്തിന്റെ തിരിച്ചുവരവിനായി പ്രാർത്ഥിക്കുന്നുണ്ട്.

പരിശുദ്ധ ബാവയുടെ കബറക്ക ശുശ്രൂഷയിൽ പങ്കെടുക്കുന്നതിനായി അഭിവന്ദ്യ തിരുമേനി ഉടനെ തന്നെ ലബനോനിലേക്ക് പുറപ്പെടുകയും ചെയ്തു.

അഭിമുഖം തയ്യാറാക്കിയത്: ബാബു തുമ്പയിൽ